# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 ഫെബ്രുവരി 14, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

24 (*211) പൊതുജനാരോഗ്യമേഖല ശക്തിപ്പെടുത്താൻ നടപടി

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും 12-ാം പഞ്ചവത്സര പദ്ധതിയിൽ മുൻ പദ്ധതിയെ അപേക്ഷിച്ച് 335% വർദ്ധന യാണ് ഈ മേഖലയിൽ വരുത്തിയിട്ടുള്ളതെന്നും സഭയെ അറിയിച്ചു. കേന്ദ്ര ഗവൺമെന്റ് 2010-ൽ പാസ്സാക്കിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ ചുവടുപിടിച്ച് സംസ്ഥാനത്തും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ-2013 തയ്യാറാക്കിവരുന്നുണ്ട്. നിയമം വരുന്നതോടുകൂടി ലാബുകളിൽ ലഭ്യമാകുന്ന സൗകര്യങ്ങൾ, ജീവനക്കാരുടെ യോഗ്യതകൾ, പാലിക്കേണ്ട നടപടിക്രമങ്ങൾ എന്നിവയ്ക്ക് ഐകരൂപ്യമുണ്ടാകുന്നതോടൊപ്പം കോ-ഓർഡിനേഷനുവേണ്ടി സ്റ്റേറ്റ്തലത്തിൽ ഒരു കമ്മിറ്റിയും ലൈസൻസിംഗ് അതോറിറ്റിയുമുണ്ടാകും.

സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ റൈറ്റ് ടു ഹെൽത്ത് എന്ന സങ്കല്പം പ്രാവർത്തികമാക്കി പൊതുമേഖലയെ ശക്തിപ്പെടുത്തി ക്കൊണ്ട് ജനങ്ങൾക്ക് അർഹമായ ചികിത്സ കുറഞ്ഞ ചെലവിൽ/സൗജന്യമായി കൊടുക്കുക എന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. കോഴിക്കോട്, കണ്ണൂർ, എറണാകുളം ജില്ലകളിൽ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകൾ, തിരുവനന്തപുരത്തെ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ജില്ലാ പബ്ലിക് ഹെൽത്ത് ലാബുകൾ എന്നിവയ്ക്ക് പുറമേ എല്ലാ മെഡിക്കൽ കോളേജുക ളിലും ജനറൽ ആശുപത്രികളിലും ജില്ലാ/താലൂക്ക് ആശുപത്രികളിലും സി.എച്ച്.സി.കളിലും തിരഞ്ഞെടുക്കപ്പെട്ട പി.എച്ച്.സി.കളിലും ലാബ് സൗക ര്യങ്ങളുണ്ട്. കൂടാതെ മുഴുവൻ പി.എച്ച്.സി.കളിലും ലാബ് സൗകര്യം ഏർപ്പെ ടുത്താൻ നടപടി സ്വീകരിക്കുന്നതാണ്. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്. തിരുവന ന്തപുരത്തെ പബ്ലിക് ഹെൽത്ത് ലാബ് നവീകരിക്കുന്നതിന് 1.75 കോടി രൂപ അനുവദിക്കുന്നതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ക്യാൻസർ ഡിറ്റെക്ഷനുവേണ്ടിയുള്ള പെറ്റ്സ്കാൻ സ്ഥാപിക്കുന്നതിനും എം.ആർ.ഐ. സ്കാൻ പ്രവർത്തനക്ഷമമാക്കുന്നതിനും പുതിയ എം.ആർ.ഐ. സ്കാൻ സ്ഥാപിക്കുന്നതിനും എല്ലാ ജില്ലാ ആശുപത്രികളിലും സി.ടി. സ്കാൻ സ്ഥാപി ക്കുന്നതിനും നടപടി സ്വീകരിക്കും. അപകടങ്ങൾ കൂടിവരുന്ന പശ്ചാത്തല ത്തിൽ നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട ആശുപ്രതികളിൽ പത്ത് ട്രോമാ കെയർ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രോജക്ട് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പി.എസ്.സി. വഴിയും എൻ. ആർ.എച്ച്.എം. വഴിയും സ്പെഷ്യാ

ലിറ്റി കേഡറിലുമായി 1556 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. കാസർകോഡ് ജില്ലയിൽ ഒഴിഞ്ഞുകിടക്കുന്ന 18 തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതാണ്. ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിൽ ലാബ് ടെക്നീഷ്യനെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കും. ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്പോൺസർഷിപ്പ് പ്രോത്സാഹിപ്പിക്കുമെന്നും ലാബ് സ്വകാര്യവത്കരണം, ഫീസുകൾ വർദ്ധിപ്പിക്കൽ എന്നിവ പരിഗണനയിലില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

25(*212) <u>ജനറിക് നെയിമും ബ്രാൻഡ് നെയിമും എഴുതാൻ നടപടി</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ജനറിക് നെയിം എഴുതുന്ന മരുന്നുകൾ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായാണ് രോഗികൾക്ക് നൽകിവരുന്നതെന്ന് സഭയെ അറിയിച്ചു. സർക്കാർ മെഡിക്കൽ കോളേജുകളിലൂടെയും മൂന്ന് ജനറൽ ആശുപത്രികളിലൂടെയും വിതരണം നടത്തുന്ന ജനറിക് മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴിയാണ് സംഭരിച്ച് വിതരണം ചെയ്യുന്നത്. ഇത്തരത്തിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഓരോ ബാച്ചും കോർപ്പറേഷൻ തിരഞ്ഞെടുത്തിട്ടുള്ള NABL - Accreditation ഉള്ള 8 ലാബുകളിലും പരാതി വരുന്ന സന്ദർഭങ്ങളിൽ തിരുവനന്തപുരത്തുള്ള ഗവൺമെന്റ് ഡ്രഗ് ടെസ്റ്റിംഗ് ലാബിലും അയച്ച് നിശ്ചിത ഗുണനിലവാര പരിശോധന ഉറപ്പ് വരുത്തുന്നുണ്ട്. ഡ്രഗ്സ് കൺട്രോളറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ ഉത്പാദിപ്പിക്കുന്ന മരുന്ന് കമ്പനികൾക്കെതിരെ

നിയമ നടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്. ഇപ്രകാരം 2010-ൽ 36 കമ്പനികൾക്കെതിരെയും, 2011-ൽ 29 കമ്പനികൾക്കെതിരെയും 2012-ൽ 23 കമ്പനികൾക്കെതിരെയും വകുപ്പുതല/നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുഡ് മാനുഫാക്ചറിംഗ് പ്രാക്റ്റീസ് (ജി.എം.പി.) സമ്പ്രദായം ഉണ്ടെങ്കിൽ മാത്രമേ മരുന്നുകമ്പനികൾക്ക് ഉത്പാദന ലൈസൻസ് നൽകാറുള്ളൂ. ആയതിനാൽ തീവ്രമായ ഗുണനിലവാര പരിശോധന ഉറപ്പുവരുത്താതെ മരുന്നു കമ്പനികൾക്ക് മരുന്നുകൾ വിപണിയിൽ എത്തിക്കുവാൻ സാധിക്കുകയില്ല. മരുന്നുകളുടെ വില നിശ്ചയിക്കുന്നത് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. എം.ആർ.പി.യിൽ നിന്നും വില കൂട്ടി വിൽക്കുകയാണെങ്കിൽ ഡ്രഗ്സ് കൺട്രോളറുടെ നേതൃത്വത്തിൽ പരിശോധിച്ച് പ്രൈസിംഗ് അതോറിറ്റിയെ അറിയിച്ച് നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. 348 ഇനം മരുന്നുകളും അതിന്റെ കമ്പോണന്റുകളും വിലനിയന്ത്രണ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം സുപ്രീംകോടതിയിൽ സമർപ്പിച്ചിരിക്കുകയാണ്. ജീവിത ശൈലീരോഗങ്ങൾക്ക് കേരളത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾ വഴി സൗജന്യ ചികിത്സയും മരുന്നും നൽകുന്ന പദ്ധതിയിൽ ഇത്തരം രോഗങ്ങൾ കണ്ടെത്തുന്നതിന് 30 വയസ്സിന് മുകളിലുള്ള ആളുകളെ വീടുകളിൽ പോയി സ്ക്രീൻ ചെയ്യുന്നതിനും ബോധവത്കരണം നടത്തുന്നതിനുമുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ജനറിക് മെഡിസിനുകൾ പ്രിസ്ക്രൈബ് ചെയ്യുന്നതിന് ഡോക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അടുത്ത ജൂൺമാസത്തോടുകൂടി പി.എച്ച്.എസ്.സി.-കൾ വഴി ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കുന്നതിന് 200 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2012 ഒക്ടോബർ ഒന്നുമുതൽ

ജനറിക് മരുന്നുകളുടെ നിർമ്മാണത്തിനുവേണ്ടി മാത്രമേ കേന്ദ്ര ഗവൺമെന്റ് ലൈസൻസ് കൊടുക്കുന്നുള്ളൂവെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

26(*213) ടൂറിസം മേഖലയിലെ ഹോം സ്റ്റേ സംവിധാനം

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) നൽകിയ മറുപടിയിൽ, വിനോദ സഞ്ചാരികൾക്ക് ഗുണനിലവാരമുള്ളതും താരതമ്യേന ചെലവ് കുറഞ്ഞതുമായ താമസ സൗകര്യം ഒരുക്കുന്നതിനും അവിടുത്തെ ജീവിതരീതി, സംസ്കാരം, ആഹാരരീതി എന്നിവ അടുത്തറിയുന്നതിനും ടൂറിസം സീസണിൽ ഉണ്ടാകുന്ന താമസസൗകര്യ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുന്നതിനും ഹോം സ്റ്റേകൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സ്വന്തം വീട്ടിൽ ഏറ്റവും കുറഞ്ഞത് ഒരു മുറിയോ കൂടിയത് ആറു മുറികളോ ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിനായി മാറ്റി വയ്ക്കുവാൻ കഴിയുക, വീട്ടുടമസ്ഥനും കുടുംബവും അവിടെത്തന്നെ സ്ഥിരതാമസമായിരിക്കുക, വീട്ടിൽ ഒരാൾക്കെങ്കിലും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ കഴിയുക എന്നിവയാണ് ഹോം സ്റ്റേകൾക്കുള്ള ക്ളാസിഫിക്കേഷൻ വ്യവസ്ഥകൾ. ഡയമണ്ട്, ഗോൾഡ്, സിൽവർ എന്നിങ്ങനെ ക്ലാസിഫൈ ചെയ്യുന്ന ഹോംസ്റ്റേകൾ അതനുസരിച്ചുള്ള സംവിധാനങ്ങൾ ഒരുക്കുന്നുണ്ടോയെന്ന് ജില്ലാതല/സംസ്ഥാനതല കമ്മിറ്റികൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നതാണ്. ഇത്തരത്തിൽ ക്ലാസിഫിക്കേഷൻ പരിധിയിൽ വരുന്ന ഹോം സ്റ്റേകളെ മാർക്കറ്റിംഗിന് സഹായിക്കുന്നതു കൂടാതെ കേരള ടൂറിസം ബ്രാൻഡ് ഉപയോഗിക്കാൻ അനുവദിക്കു

കയും ഹോം സ്റ്റേ ഉടമകൾക്ക് കിറ്റ്സ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഏജൻസികൾ വഴി ട്രെയിനിംഗും നൽകി വരുന്നു. വിദേശവിനോദ സഞ്ചാരികളും മറ്റും ഹോം സ്റ്റേ സംവിധാനം ഉപയോഗിക്കുമ്പോൾ " C Form" പൂരിപ്പിച്ച് അതാത് പോലീസ് സ്റ്റേഷനുകളിലേയ്ക്ക് ഓൺലൈനായി വിവരം കൈമാറാനുള്ള സംവിധാനവും നിലവിലുണ്ട്. ഹോട്ടലുകളെയും ഹോം സ്റ്റേകളെയും രണ്ടുതരത്തിൽ കണ്ട് സാധാരണക്കാർക്കുകൂടി ടൂറിസത്തിന്റെ ഗുണം ലഭ്യമാക്കുന്നതിനായി ഹോം സ്റ്റേ പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. ടൂറിസ്റ്റ് ഹോം, ടൂറിസം വില്ലകൾ എന്നിവയ്ക്ക് ലൈസൻസുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കും. ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ കെ.എസ്.ഇ.ബി.-യുടെ ഒഴിഞ്ഞുകിടക്കുന്ന ക്വാർട്ടേഴ്സുകൾ ഉപയോഗപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ഹോം സ്റ്റേയ്ക്കുള്ള ഇലക്ട്രിസിറ്റി റെസിഡൻഷ്യൽ താരിഫിലാക്കിയിട്ടുണ്ടെന്നും തുമ്പൂർമുഴി ടൂറിസം കേന്ദ്ര വികസനം ത്വരിതപ്പെടുത്തുന്നതിനും ആലപ്പുഴ ജില്ലയിൽ ഹൗസ്ബോട്ടുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

27 (*214) <u>നഴ്സിങ് മേഖലയിലെ പ്രശ്നങ്ങൾ</u>

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>) നൽകിയ മറുപടിയിൽ, നഴ്സിങ് മേഖലയിൽ പണിയെടുക്കുന്നവരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് പ്രശ്നങ്ങൾ ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അവയ്ക്ക് പരിഹാരം

കാണുന്നതിനായി സ്ഥിരം സംവിധാനമെന്ന നിലയിൽ ഒരു വ്യവസായ ബന്ധ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി സ്വകാര്യ ആശുപത്രികളിലെ നഴ്സിങ് ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച ബലരാമൻ കമ്മിറ്റി ശുപാർശകളും ഹെൽത്ത്/ലേബർ ഡിപ്പാർട്ടുമെന്റുകളുടെ സംയുക്ത ശുപാർശകളും പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. വ്യവസായ ബന്ധ സമിതി ശുപാർശ ചെയ്യുന്ന കാര്യങ്ങളിൽ യഥാസമയം ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നുണ്ട്. മിനിമം വേജസ് പുതുക്കുന്നതിനുള്ള ചർച്ചകൾ അവസാനഘട്ടത്തിലാണെന്നും ജോലിസ്ഥിരത, കുറഞ്ഞ വരുമാനം തുടങ്ങിയ കാര്യങ്ങളിൽ ബലരാമൻ കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കാത്ത സ്വകാര്യ സ്ഥാപനങ്ങൾക്കെതിരെ തൊഴിൽ നിയമങ്ങൾ അനുശാസിക്കുന്ന നടപടികൾ കൈക്കൊള്ളുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 215 മുതൽ 240 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2520 മുതൽ 2874 വരെയുള്ള ചോദ്യങ്ങളിൽ 51 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)

.